"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ : ബി4/19041/15

KSHB Building, ശാന്തിനഗർ,
തിരുവനന്തപുരം-1,
തീയതി : 23.11.15

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ടി.എ ബില്ല് - അലോട്ട്മെന്റ് വിവരങ്ങൾ - തുക സറണ്ടർ ചെയ്യുന്നത് - സംബന്ധിച്ച്

2015-16 വർഷത്ത 2230-03-101-99 -04 ടൂർ ടി.എ ശീർഷകത്തിൽ നിന്ന് ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള ടി.എ അലോട്ട്മെന്റ് തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല എന്ന് ചെലവ് പട്ടികയിൽ കാണുന്നു. ഓരോ സ്ഥാപനത്തിനും ലഭിച്ച ഫണ്ടിനുള്ള ബില്ലുകൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി അയയ്ക്കുകയും ബാക്കിയുള്ള തുക സറണ്ടർ ചെയ്ത് ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ആയതിനാൽ താങ്കൾക്ക് ലഭിച്ച അലോട്ട്മെന്റ് തുക, ചെലവായ തുക, ബാക്കിയുള്ള തുക, എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രൊഫോർമ തയ്യാറാക്കി അടിയന്തിരമായി 30.11.2015 നകം ലഭ്യമാക്കി ബാക്കി തുക സറണ്ടർ ചെയ്യേണ്ടതാണ്. അനുവദിച്ചിട്ടുള്ള അലോട്ട്മെന്റ് മുൻഗണനാക്രമത്തിൽ മാത്രം ബില്ലുകളിൽ ചേർത്ത് ബിൽ മാറുവാൻ ശ്രദ്ധിക്കണം എന്ന് കർശന നിർദ്ദേശം നൽകുന്നു.

മേൽനിർദ്ദേശപ്രകാരം ബിൽ തയ്യാറാക്കി ലഭ്യമായ ഫണ്ട് രേഖപ്പെടുത്തി ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം നിശ്ചിത തീയതിയ്ക്ക് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും ഫണ്ട് തുടർന്ന് അനുവദിക്കുന്നതല്ലായെന്ന് അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഐ.ടി.ഐ/ ബി.ടി.സി പ്രിൻസിപ്പാൾമാർക്കും
എല്ലാ ആർ.ഐ. സെൻർ ട്രെയിനിംഗ് ഓഫീസർമാർക്കും

R/24/11/15